ശ്രീനാരായണഗുരു പ്രതിമാ ധ്വംസനം

13 (750) ശ്രീ. കെ.എ. ചന്ദ്രൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം എസ്.എൻ കോളേജിൽ വിദ്യാർത്ഥിസമരം ആരംഭിച്ച ശേഷം സംസ്ഥാനത്ത് ശ്രീനാരായണഗുരുദേവന്റെ എത്ര പ്രതിമകൾ നശിപ്പിക്കപ്പെട്ടു; എവിടെയെല്ലാം;

(ബി) 2000 ജനുവരി, ഫെബ്രുവരി എന്നീ ഓരോ മാസവും ശ്രീനാരായണഗുരുസ്വാമികളുടെ എത്ര പ്രതിമകൾ വീതം തകർക്കപ്പെട്ടു;

(സി) ഈ പ്രതിമധ്വംസനം നടത്തിയവരെ പിടി കൂടിയിട്ടുണ്ടോ;

(ഡി) ഈ പ്രതിമാധ്വംസനങ്ങളുടെ വെളിച്ചത്തിൽ ശ്രീനാരായണഗുരുദേവന്റെ പ്രതിമകൾക്ക് പാറാവ് ഇടുവാൻ ഉദ്ദേശമുണ്ടോ?

ഉത്തരം

(എ) കൊല്ലം എസ്.എൻ.ഡി.പി. യോഗം ഹെഡ് ഓഫീസിന് മുൻവശം സ്ഥാപിച്ചിട്ടുള്ള ഗുരുദേവ പ്രതിമയും ആലപ്പുഴ വളവനാട്, കൊല്ലം കല്ലുവാതുക്കൽ കരുനാഗപ്പള്ളി പോലീസ് സ്റ്റേഷൻ അതിർത്തിയിൽ വരുന്ന ആലുംകടവ്, ആദിനാട് വടക്ക് പുളിനിൽക്കുംകോട്ട എന്നീ സ്ഥലങ്ങളിൽ സ്ഥാപിച്ചിരുന്ന ഗുരുദേവ പ്രതിമകളും ആക്രമിക്കപ്പെട്ടിട്ടുണ്ട്;

(ബി) ജനുവരി 1

ഫെബ്രുവരി 4

(സി) കൊല്ലം എസ്.എൻ.ഡി.പി. യോഗം ആസ്ഥാന ഓഫീസിനു മുൻപിലെ പ്രതിമ തകർത്തതിന് ഒരാളേയും, ആലുംകടവിലെ പ്രതിമ തകർത്തതിന് മൂന്നു പേരേയും അറസ്റ്റ്ചെയ്തിട്ടുണ്ട്. മറ്റു കേസ്സുകളിൽ അന്വേഷണം നടന്നുവരുകയാണ്.

(ഡി) ശ്രീനാരായണ ഗുരുദേവന്റെ പ്രതിമകൾക്കുനേരെയുള്ള ആക്രമണം തടയുന്നതിനായി ഗുരുദേവപ്രതിമകൾ മന്ദിരങ്ങൾ തുടങ്ങിയവയുടെ പ്രത്യേക ലിസ്റ്റ് ഉണ്ടാക്കി ടി സ്ഥലങ്ങളിൽ രാത്രികാലപട്രോളിംഗ് ശക്തമാക്കുകയും ആവശ്യമെന്ന് കാണുന്ന സ്ഥലങ്ങളിൽ പോലീസ് പിക്കറ്റ് സ്ഥാപിക്കുന്നതിനുംവേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീനാരായണഗുരുദേവ പ്രതിമ തകർത്ത സംഭവങ്ങൾ

14 (751) ശ്രീ. കെ.സി. വേണുഗോപാൽ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വ്യാപകമായി ശ്രീനാരായണ ഗുരുദേവപ്രതിമകൾക്കുനേരെ അക്രമണം നടത്തുകയും ഗുരുദേവപ്രതിമകൾ തകർക്കുകയും ചെയ്യുന്ന സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു തടയുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) ഗുരുദേവ പ്രതിമകൾ തകർക്കുകയും മണ്ഡപങ്ങൾക്ക് കേടുപാടു വരുത്തുകയും ചെയ്ത എത്ര കേസ്സുകൾ പോലീസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇത് സംബന്ധിച്ച് കേസ്സിലെ പ്രതികൾ ആരൊക്കെയാണ്;

LIBRARY ARCHIVES Kerala Legislative Assembly